# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 573 28/09/2016-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവത്ക്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സാമൂഹ്യ വനവത്ക്കരണ പദ്ധതി പ്രകാരം വെച്ചു പിടിപ്പിക്കുന്ന വൃക്ഷത്തൈകൾ ശ്രദ്ധിക്കാതെയും പരിപാലിക്കപ്പെടാതെയും നശിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സാമൂഹ്യ വനവത്ക്കരണ പദ്ധതി പ്രകാരം വെച്ചു പിടിപ്പിക്കുന്ന വൃക്ഷ - തൈകൾ നശിച്ചു പോകുന്നതായി ശ്രദ്ധയിൽപ്പട്ടിട്ടില്ല. |
| ബി) പദ്ധതി പ്രകാരം വെച്ചു പിടിപ്പിക്കുന്ന തൈകൾക്ക് നിരന്തരമായ സംരക്ഷണവും മേൽനോട്ടവും പരിപാലനവും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | ബി) ഹരിതകേരളം പദ്ധതിയിൻകീഴിൽ 'എന്റെ മരം,' 'നമ്മുടെ മരം,' 'വഴിയോര ത്തണൽ' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ 'എന്റെ മരം,' 'നമ്മുടെ മരം,' പദ്ധതികളിൽ നട്ടുപിടിപ്പിക്കുന്ന തൈകളുടെ തുടർ പരിപാലനം ബന്ധപ്പെട്ട വിദ്യാർത്ഥികൾ തന്നെ നടത്തണമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വിദ്യാർത്ഥികൾ നട്ടുവളർത്തുന്ന വൃക്ഷതൈകൾ ശരിയായ രീതിയിൽ പരിപാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് അതാത് വിദ്യാലയങ്ങളിലെ അദ്ധ്യാപകൻ, പി.റ്റി.എ പ്രസിഡന്റ്, വനം വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 'വഴിയോര തണൽ പദ്ധതി' പ്രകാരം നട്ട തൈകൾ ട്രീഗാർഡ് വച്ച് സംരക്ഷിക്കുകയും, ചില സ്ഥലങ്ങളിൽ വേനൽക്കാലത്ത് വെള്ളം നനച്ച് പരിപാലിക്കുകയും ചെയ്യുന്നുണ്ട്. മറ്റു പദ്ധതികൾ പ്രകാരം വച്ചുപിടിപ്പിക്കുന്ന തൈകൾ സംരക്ഷിക്കുന്നതിന് വനം വകുപ്പ്, ബന്ധപ്പെട്ട വകുപ്പു മേധാവികൾ പൊതുജനങ്ങൾ എന്നിവരുടെ സഹകരണത്തോടെ തൈകളുടെ പരിപാലനം നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ